# PLUS ONE HISTORY

തെളിമ
edu help programme

**STUDY MATERIAL**




COMPILED BY:

**SUJITH K**
HSST HISTORY
GHSS CHAYOTH, KASARGOD



HIGHER SECONDARY NATIONAL SERVICE SCHEME

# 1. കാലത്തിന്റെ ആരംഭം മുതൽ
# (From the Beginning of Time)

**1. പ്രിമേറ്റുകളുടെ സവിശേഷതകൾ വിവരിക്കുക.**

- ഒരു വലിയ വിഭാഗം സസ്തനികളുടെ ഒരു ഉപവിഭാഗമാണ് പ്രിമേറ്റുകൾ. കുരങ്ങുകൾ, ആൾക്കുരങ്ങുകൾ, മനുഷ്യർ എന്നിവയിതിലുൾപ്പെടുന്നു
- രോമാവൃതമായ ശരീരം, ദീർഘമായ ഗർഭധാരണ കാലം, സ്തനഗ്രന്ഥി, വ്യത്യസ്തതരം പല്ലുകൾ, സ്ഥിരമായി ശരീരോഷ്മാവ് നിലനിർത്താനുള്ള ശേഷി എന്നിവ പ്രിമേറ്റുകളുടെ പ്രത്യേകതകളാണ്.

**2. ഹോമിനോയ്ഡുകളും,ഹോമിനിഡുകളും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കുക.**

- ഹോമിനോയ്ഡുകൾ: ചെറിയ തലച്ചോറ്, വലിയ ശരീരം ,നാലുകാലിലുള്ള നടത്തം.
- ഹോമിനിഡുകൾ : വലിയ തലച്ചോറ്, ഇരുകാലിലുള്ള നടപ്പ്, നിവർന്നുള്ള നില്പ്, കൈകളുടെ പ്രത്യേക വൈദഗ്ദ്ധ്യം.

**3. ആസ്ട്രലോപിത്തേക്കസും, ഹോമോയും തമ്മിലുള്ള വ്യത്യാസം എഴുതുക.**

- ഹോമിനിഡുകളെ ജീനസ് എന്നറിയപ്പെടുന്ന ശാഖകളായി തിരിച്ചിരിക്കുന്നു. ആസ്ട്രലോപിത്തേക്കസ്, ഹോമോ എന്നിവയാണ് ഈ ശാഖകളിൽ പ്രധാനപ്പെട്ടവ.
- ആസ്ട്രലോപിത്തേക്കസ് : ആസ്ട്രൽ(ദക്ഷിണം) എന്ന ലാറ്റിൻ വാക്കിൽ നിന്നും പിത്തേക്കസ് (ആൾക്കുരങ്ങ്) എന്ന ഗ്രീക്ക് വാക്കിൽ നിന്നുമാണ് ആസ്ട്രലോപിത്തേക്കസ് എന്ന വാക്കുണ്ടായത്. ചെറിയ തലച്ചോറ്, വലിയ പല്ലുകൾ, വലിയ താടിയെല്ല് എന്നിവയാണ് ആസ്ട്രലോപിത്തേക്കസിന്റെ പ്രധാന സവിശേഷതകൾ
- ഹോമോ: സ്ത്രീകളുമുണ്ടെങ്കിലും പുരുഷൻ എന്നാണ് ഹോമോ എന്ന ലാറ്റിൻ പദത്തിന്റെ അർത്ഥം.വലിയ തലച്ചോറ്, കുറച്ചു മാത്രം പുറത്തേക്കുന്തിയ താടിയെല്ല്, ചെറിയ പല്ലുകൾ എന്നിവ ഹോമോ വിഭാഗത്തിന്റെ സവിശേഷതകളാണ്.
- ഹോമോയെ പ്രധാനമായും മൂന്ന് വിഭാഗങ്ങളായി തരംതിരിക്കുന്നു.
    - ഹോമോഹബിലിസ് (ഉപകരണ നിർമ്മാതാവ്)
    - ഹോമോ ഇറക്ടസ് ( നിവർന്ന മനുഷ്യൻ )

o ഹോമോ സാപിയൻസ് (വിവേകിയായ/ ചിന്തിക്കുന്ന മനുഷ്യൻ )

**4. പകരം വയ്ക്കൽ മാതൃകയും, പ്രാദേശിക തുടർച്ചാ മാതൃകയും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.**

ആധുനിക മനുഷ്യന്റെ ഉത്ഭവ സ്ഥലത്തെ കുറിച്ച് രണ്ട് വ്യത്യസ്താഭിപ്രായങ്ങളാണുള്ളത്

- **I.**പ്രാദേശിക തുടർച്ചാ മാതൃക: പുരാതന ഹോമോസാപ്പിയൻസ് വിവിധ പ്രദേശങ്ങളിൽ ഉത്ഭവിച്ചു. ആധുനിക മനുഷ്യന്റെ സവിശേഷതകളിലുള്ള പ്രാദേശിക വ്യത്യാസങ്ങളാണ് ഈ വാദത്തിന്റെ അടിസ്ഥാനം.
- **II.**പകരം വയ്ക്കൽ മാതൃക: ആധുനിക മനുഷ്യൻ ആഫ്രിക്കയിലാണ് ഉത്ഭവിച്ചത്. ആധുനിക മനുഷ്യന്റെ ജനിതകവും ശരീരശാസ്ത്രപരവുമായ ഏകാത്മകത ഈ വാദത്തെ പിന്തുണക്കുന്നു. ആദിമ മനുഷ്യന്റെ ഫോസിലുകൾ ആഫ്രിക്കയിലെ ഓമോയിൽ നിന്നും ലഭിച്ചതും ഈ അഭിപ്രായത്തെ സാധൂകരിക്കുന്നു.

**5. ആദിമ മനുഷ്യൻ ഭക്ഷണം നേടുന്നതിനായി സ്വീകരിച്ച മാർഗ്ഗങ്ങൾ ഏതെല്ലാം?**

- ഭക്ഷ്യശേഖരണം:വിത്തുകൾ,കുരുക്കൾ,പഴങ്ങൾ,കിഴങ്ങുകൾ എന്നിവയാണ് സസ്യാഹാരങ്ങളായി ശേഖരിച്ചിരുന്നത്.
- വേട്ടയാടൽ:ഏകദേശം500000 വർഷങ്ങൾക്ക് മുമ്പാണ് വേട്ടയാടൽ ആരംഭിച്ചത്.ബോധപൂർവ്വവും, ആസൂത്രിതവുമായ വേട്ടയാടലിന് തെളിവുകൾ ലഭിച്ച സ്ഥലങ്ങൾ ദക്ഷിണ ഇംഗ്ലണ്ടിലെ ബോക്സ്ഗ്രോവ്, ജർമ്മനിയിലെ സ്കോനിൻജൻ എന്നിവയാണ്.
- മാംസാവശിഷ്ടങ്ങൾ ഭക്ഷിക്കൽ : മാംസാവശിഷ്ടങ്ങൾ ഭക്ഷിക്കുകയോ, സ്വാഭാവികമായി ചത്തതോ, മറ്റ് ഹിംസ്ര ജന്തുക്കൾ കൊന്നതോ ആയ മൃഗങ്ങളുടെ മാംസവും, മജ്ജയും ഭക്ഷിച്ചിരിക്കാം.എലി, പക്ഷികൾ, ഇഴ ജന്തുക്കൾ, ചെറുപ്രാണികൾ എന്നിവയെയും ആദിമ മനുഷ്യർ ഭക്ഷണമാക്കിയിട്ടുണ്ടാകാം.
- മത്സ്യബന്ധനം: വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നും ലഭിച്ച മത്സ്യത്തിന്റെ മുള്ളുകൾ മത്സ്യബന്ധനത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു.

**6. ആദിമ മനുഷ്യർ വസിച്ചിരുന്ന രീതികൾ വിശകലനം ചെയ്യുക.**

- ആദിമമനുഷ്യരുടെ വിവിധ സ്ഥലങ്ങളിലെ ശേഷിപ്പുകൾ കണ്ടെത്തിയാണ് വാസസ്ഥലത്തിന്റെ രീതിയെ കുറിച്ച് മനസ്സിലാക്കുന്നത്. കെനിയയിലെ കിലോംബെ,

ഒലോർഗിസൈലി എന്നിവിടങ്ങളിൽ നിന്ന് ആയിരക്കണക്കിന് ഉപകരണങ്ങൾ കണ്ടെടുത്തിട്ടുണ്ട്. മനുഷ്യനിർമ്മിതമായ പുരാവസ്തുക്കളെ ആർട്ടിഫാക്ട്സ് എന്നു വിളിക്കുന്നു.

- ഭക്ഷ്യ വിഭവങ്ങൾ യഥേഷ്ടം ലഭിക്കുന്ന സ്ഥലങ്ങളിൽ മനുഷ്യർ ആവർത്തിച്ച് സന്ദർശനം നടത്തുന്നു. അവിടങ്ങളിൽ അവരുടെ സാന്നിധ്യത്തിന്റെയും, പ്രവർത്തനങ്ങളുടെയും തെളിവുകൾ (ആർട്ടിഫാക്ടുകൾ) അവശേഷിപ്പിച്ചിട്ടു ണ്ടായിരിക്കും. ആദ്യകാലങ്ങളിൽ മനുഷ്യർ മരങ്ങളിൽ താമസിച്ചു.തുടർന്ന് തുറന്ന സ്ഥലങ്ങൾ ഉപയോഗിച്ചു. ഇതിനുള്ള തെളിവുകൾ ലഭിച്ചത് ദക്ഷിണ ഫ്രാൻസിലെ ലസാരറ്റ് ഗുഹ, ടെറ അമാറ്റ എന്നീ കേന്ദ്രങ്ങളിൽ നിന്നാണ്.

**7. ആദിമ മനുഷ്യർക്ക് തീ കൊണ്ട് ഉണ്ടായിരുന്ന പ്രയോജനങ്ങൾ എന്തെല്ലാമായിരുന്നു ?**

- തീ ഗുഹയ്ക്കുള്ളിൽ ചൂടും, വെളിച്ചവും നൽകി.
- പാചകത്തിനും തീ ഉപയോഗിച്ചു.
- തടിയുടെ കട്ടി കൂട്ടാനും തീ ഉപയോഗിച്ചിരുന്നു.
- ശിലോപകരണങ്ങൾ നിർമ്മിക്കുന്നതിനും,അപകടകാരികളായ മൃഗങ്ങളെ ഭയ പ്പെടുത്തിയോടിക്കാനും തീ ഉപയോഗിക്കപ്പെട്ടു.

**8. ആദിമ മനുഷ്യർ ഉപയോഗിച്ചിരുന്ന ഉപകരണങ്ങളെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.**

- ആദ്യത്തെ ശിലോപകരണ നിർമ്മാതാക്കൾ ആസ്ട്രലോപിത്തേക്കസ് ആയി രുന്നു. കുന്തം, അമ്പ്, വില്ല് എന്നിവ മൃഗങ്ങളെ കൊല്ലുന്നതിന് വേണ്ടി ഉപയോ ഗിച്ചു.രോമങ്ങളുള്ള മൃഗങ്ങളെ കെണിയിൽ വീഴ്ത്തൽ, തുന്നൽ സൂചിയുടെ കണ്ടുപിടിത്തം എന്നിവ ആയുധ നിർമ്മാണത്തിലെ പ്രധാന മാറ്റങ്ങളായിരുന്നു. ചെറിയ ഉളി പോലെയുള്ള ഉപകരണങ്ങളുടെ നിർമ്മാണത്തിന് പഞ്ച് ബ്ലേഡ് സാങ്കേതിക വിദ്യ ഉപയോഗിച്ചു.എല്ലുകൾ, മാൻകൊമ്പ്, ആനക്കൊമ്പ്, തടി എന്നിവയിൽ കൊത്തുപണികൾ ചെയ്യാൻ ഇത്തരം ഉപകരണങ്ങൾ സഹായിച്ചു.

**9. ആദിമ മനുഷ്യന്റെ ഭാഷ, കല, ആശയവിനിമയ മാർഗ്ഗങ്ങൾ എന്നിവ വിശദീകരിക്കുക.**

- ഭാഷ:ഭാഷയുടെ വികാസത്തെ സംബന്ധിച്ച് നിരവധി വീക്ഷണങ്ങൾ നിലനിൽ ക്കുന്നുണ്ട്

- I.ഹോമിനിഡ് ഭാഷയിൽ ആംഗ്യങ്ങളും കൈ ചലനങ്ങളും ഉൾപ്പെട്ടിരുന്നു.
- II.സംസാരഭാഷയ്ക്ക് മുമ്പായി വാക്കുകളില്ലാത്ത ശബ്ദഭാഷ നിലനിന്നിരുന്നു.
- III.പ്രിമേറ്റുകൾ പുറപ്പെടുവിച്ചിരുന്ന ശബ്ദങ്ങളിൽ നിന്നാകാം ഭാഷ ഉത്ഭവിച്ചത്.

- ഹോമോഹബിലിസിന്റ തലച്ചോറിനുണ്ടായ ചില സവിശേഷതകളാകാം സംസാരം സാധ്യമാക്കിയത്.സ്വനപേടകത്തിന്റെ പരിണാമവും തുല്യ പ്രാധാന്യമുള്ള കാര്യമാണ്. കല വികസിച്ച അതേ കാലഘട്ടത്തിൽ തന്നെ ഭാഷയും വികസിച്ചുവെന്ന് കരുതപ്പെടുന്നു.
- കല : ഫ്രാൻസിലെ ലസ്കോ,ഷോവെ ഗുഹകളിൽ നിന്നും സ്പെയിനിലെ അൾട്ടാമിറ ഗുഹയിൽ നിന്നും നൂറുകണക്കിന് മൃഗങ്ങളുടെ ചിത്രങ്ങൾ കണ്ടെടുത്തിട്ടുണ്ട്. ഗുഹകളിൽ ചിത്രങ്ങൾ വരയ്ക്കുന്നതിനെ സംബന്ധിച്ച് നിരവധി വിശദീകരണങ്ങൾ നൽകപ്പെട്ടിട്ടുണ്ട്.മൃഗങ്ങളുടെ ചിത്രങ്ങൾ വേട്ടയ്ക്കുണ്ടായിരുന്ന പ്രാധാന്യത്തെ സൂചിപ്പിക്കുന്നു.മൃഗങ്ങളുടെ ചിത്രങ്ങളെ അനുഷ്ഠാനങ്ങളും മാന്ത്രികതയുമായി ബന്ധപ്പെടുത്തി ചിത്രീകരിച്ചു.വിജയകരമായ വേട്ട ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള അനുഷ്ഠാനമായിരിക്കാം ചിത്രം വരയ്ക്കൽ. ഗുഹകൾ ചെറുസംഘങ്ങളുടെ കൂടിക്കാഴ്ച കേന്ദ്രമോ, സംഘ പ്രവർത്തനങ്ങളുടെ കേന്ദ്രമോ ആയിരുന്നിരിക്കാം. വേട്ടയുടെ തന്ത്രങ്ങളും, അറിവുകളും കൈമാറാനുള്ള മാധ്യമമായി ചിത്രങ്ങൾ മാറിയിട്ടുണ്ടാകാം.

**10. നരവംശശാസ്ത്രം എന്തെന്ന് നിർവ്വചിക്കുക.**

- മനുഷ്യ പരിണാമവുമായി ബന്ധപ്പെട്ട വംശങ്ങളെയും, മനുഷ്യ സംസ്കാരത്തെയും കുറിച്ച് പഠിക്കുന്ന വിജ്ഞാന ശാഖയാണ് നരവംശശാസ്ത്രം (Anthropology)

**11.വംശീയ ശാസ്ത്രത്തെ നിർവ്വചിക്കുക.**

- സമകാലിക വംശീയ സംഘങ്ങളെ കുറിച്ചുള്ള പഠനമാണ് വംശീയ ശാസ്ത്രം (Ethnography). ഇതിൽ അവരുടെ ഉപജീവന മാതൃകകൾ , സാങ്കേതിക വിദ്യ, സ്ത്രീകളുടെയും പുരുഷന്മാരുടെയും പങ്ക്, അനുഷ്ഠാനങ്ങൾ, രാഷ്ട്രീയ സ്ഥാപനങ്ങൾ, സാമൂഹികാചാരങ്ങൾ എന്നിവയുടെ പരിശോധന ഉൾപ്പെടുന്നു.

**************************************************

# പ്രമേയം 2. എഴുത്തും നഗര ജീവിതവും

# ( Writing and City Life )

**1. മെസൊപ്പൊട്ടേമിയൻ സംസ്കാരവുമായി ബന്ധപ്പെട്ട രണ്ട് നദികളുടെ പേരെഴുതുക**

- യൂഫ്രട്ടീസ്, ടൈഗ്രിസ് (യൂഫ്രട്ടീസ്, ടൈഗ്രീസ് നദികൾക്കിടയിലെ ഭൂപ്രദേശമായ മൊസൊപ്പൊട്ടേമിയ ഇന്നത്തെ ഇറാഖിന്റെ ഭാഗമാണ് )

**2.മൊസൊപ്പൊട്ടേമിയയുടെ ഭൂമിശാസ്ത്ര സവിശേഷതകൾ ചുരുക്കി വിവരിക്കുക.**

- മൊസൊപ്പൊട്ടേമിയ എന്ന പദം ഉണ്ടായത് " മെസോസ് " , " പൊട്ടാമസ്"എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്നാണ്. " മെസോസ് " എന്നാൽ "മധ്യത്തിലുള്ളത് "എന്നും "പൊട്ടാമസ് " എന്നാൽ "നദി" എന്നുമാണ് അർത്ഥം.അതായത് ഇന്നത്തെ ഇറാഖിന്റെ ഭാഗമായ ടൈഗ്രിസ്,യൂഫ്രട്ടീസ് നദികൾക്കിടയിലുള്ള പ്രദേശമാണ് മൊസൊപ്പൊട്ടേമിയ. വ്യത്യസ്ത ഭൂപ്രകൃതികളുള്ള നാടാണ് ഇറാഖ്.
- 1.വടക്ക് - കിഴക്ക് നിമ്നോന്നതങ്ങളായ ഹരിത സമതലങ്ങളാണ്. വൃക്ഷ നിബിഡ മായ പർവ്വതനിരകളും , തെളിഞ്ഞ തടാകങ്ങളും , കാട്ടുപൂക്കളും ഉള്ള പ്രദേശ മാണിത്. വിളകളുടെ ഉല്പാദനത്തിനാവശ്യമായ മഴ ലഭിക്കുന്ന ഈ പ്രദേശത്താണ് കൃഷി ആരംഭിച്ചത്.
- 2.വടക്കു ഭാഗത്ത് പുൽമേടുകളാണ്.ഈ പ്രദേശം കാലിവളർത്തലിന് അനുയോജ്യ മാണ്.
- 3. കിഴക്ക് ഭാഗത്ത് ടൈഗ്രിസ് നദിയും അതിന്റെ പോഷക  നദികളുമാണ് . ഇത് ഇറാനിലെ മലനിരകളിലേക്കു വിനിമയമാർഗ്ഗം പ്രദാനം ചെയ്യുന്നു.
- 4. തെക്കുഭാഗത്ത് മരുഭൂമിയാണ്. ഇവിടെയാണ് ആദ്യനഗരങ്ങളും എഴുത്തു വിദ്യയും ആവിർഭിച്ചത്.  യൂഫ്രട്ടീസ് , ടൈഗ്രിസ് നദികൾ നിക്ഷേപിക്കുന്ന എക്കൽ മണ്ണ് ഈ പ്രദേശത്തെ ഫലഭൂയിഷ്ഠമാക്കുന്നു. കാർഷിക വൃത്തിയിലേർപ്പെടാനും ജലസേചന സൗകര്യങ്ങൾ ഒരുക്കാനും ഈ നദികൾ സഹായകരമായി.നദികളിൽ നിന്ന് മത്സ്യം ലഭിച്ചു. വേനൽക്കാലത്ത് ഈന്തപ്പനകൾ പഴം നൽകി.

**3..മൊസൊപ്പൊട്ടേമിയൻ നഗരജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ചുരുക്കി വിവരി ക്കുക**

- നഗരങ്ങളും,പട്ടണങ്ങളും സാമ്പത്തിക പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായിരുന്നു. ഭക്ഷ്യോൽപ്പാദനത്തിനു പുറമെ വ്യാപാരം, നിർമ്മാണങ്ങൾ, സേവനങ്ങൾ എന്നിവയിൽ അവർ ഏർപ്പെട്ടിരുന്നു.
- പരസ്പരാശ്രയത്വം : നഗരങ്ങളിലെ ജനങ്ങൾ സ്വയം പര്യാപ്തരായിരുന്നില്ല. അവർക്കു മറ്റു നഗരങ്ങളുടെ അല്ലെങ്കിൽ ജനങ്ങളുടെ ഉല്പന്നങ്ങളെയും സേവനങ്ങളെയും ആശ്രയിക്കേണ്ടി വന്നു.
- തൊഴിൽ വിഭജനം: നഗരത്തിൽ തൊഴിൽ വിഭജനം നിലനിന്നിരുന്നു. ആയുധ നിർമ്മാണത്തിലും ലോഹനിർമ്മാണത്തിലും സേവനങ്ങളുടെ കാര്യത്തിലും തൊഴിൽ വിഭജനം നിലനിന്നിരുന്നു.
- സാമൂഹ്യ സംഘടന : ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിൽ എത്തിച്ചേരുന്ന ധാന്യങ്ങളും ഭക്ഷ്യവസ്തുക്കളും ശേഖരിക്കുന്നതിനും സംഭരിച്ചു വയ്ക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഒരു സംഘടന ആവശ്യമായിരുന്നു.
- ലിഖിതരേഖകൾ : നഗരങ്ങളിൽ നടത്തിയിരുന്ന ഇടപാടുകളും കണക്കുകളും സൂക്ഷിച്ചു വയ്ക്കുന്നതിന് ലിഖിത രേഖകൾ അത്യാവശ്യമായിരുന്നു.

**4.മൊസൊപ്പൊട്ടേമിയയിലെ എഴുത്തു സമ്പ്രദായത്തിന്റെ വികാസം വിശകലനം ചെയ്യുക.**

- BCE 3200 ഓടെയാണ് മെസൊപ്പാട്ടേമിയയിൽ എഴുത്തുവിദ്യ ആരംഭിച്ചത്. ചിത്രങ്ങൾ പോലെയുള്ള ചിഹ്നങ്ങളും അക്കങ്ങളുമാണ് അവർ എഴുതാൻ ഉപയോഗിച്ചത്. എഴുതാൻ വേണ്ടി മെസൊപ്പാട്ടേമിയക്കാർ ഉപയാഗിച്ച ലിപി ക്യൂണീഫോം ആയിരുന്നു.
- മെസോപ്പോട്ടേിയൻ ലിപിയാണ് ക്യൂണിഫോം . "ആപ്പ് " എന്നർത്ഥമുള്ള "ക്യൂനസ്", "ആകൃതി" എന്നർത്ഥമുള്ള "ഫോർമ"എന്നീ ലാറ്റിൻ പദങ്ങളിൽ നിന്നുമാണ് "ക്യൂണിഫോം" എന്ന പദമുണ്ടായത്.സമൂഹത്തിലെ ഇടപാടുകളുടെ രേഖകൾ സൂക്ഷിക്കേണ്ടി വന്നപ്പോഴാണ് എഴുത്തുവിദ്യ ആരംഭിച്ചത്.
- മെസൊപ്പാട്ടേമിയക്കാർ കളിമൺ ഫലകങ്ങളിലാണ് എഴുതിയിരുന്നത് . എഴുത്തുകാരൻ കളിമണ്ണ് കുഴച്ച് ഒരു ഫലകം രൂപപ്പെടുത്തി എടുക്കും. അതിന്റെ ഉപരിതലം മിനുക്കിയെടുത്ത് ഈറയുടെ മുനയുള്ള അറ്റം കൊണ്ട് ആപ്പിന്റെ ആകൃതിയിൽ ഇതിലെഴുതുന്നു.അതിനുശേഷം കളിമൺ ഫലകം വെയിലത്ത് വെച്ച് ഉണക്കിയെടുക്കും ഉണക്കിയെടുത്ത ഫലകത്തിൽ പിന്നീട് എഴുതാൻ കഴിയുകയില്ല.

അതിനാൽ ഓരോ ഇടപാടിനും ഓരോ ഫലകം ആവശ്യമായിരുന്നു. താഴെപറയുന്ന കാര്യങ്ങൾക്കു വേണ്ടിയാണു അവർ എഴുത്തു വിദ്യ ഉപയോഗിച്ചിരുന്നത്.

- 1. നിഘണ്ടു നിർമ്മാണത്തിന്
- 2. ഭൂമി ഇടപാടുകൾക്ക്.
- 3. രാജാക്കന്മാരുടെ പ്രവർത്തികൾ രേഖപ്പെടുത്തുന്നതിന്.
- 4. രാജകീയ വിളംബരങ്ങൾക്ക്
- 5. ഭരണപരമായ രേഖകൾ എഴുതി സൂക്ഷിക്കുന്നതിന്
- ഉറൂക്കിലെ ഭരണാധികാരിയായ എൻമെർക്കറിനെ കുറിച്ചുള്ള ഒരു കാവ്യം മെസൊപ്പൊട്ടേമിയയിലുണ്ട്.ഇദ്ദേഹമാണ് ആദ്യമായി വ്യാപാരം ആരംഭിച്ചത്. "നഗരം "(City) എന്ന പേരിൽ അറിയപ്പെടുന്ന നഗരമാണ് ഉറൂക്ക്.തന്റെ കൊട്ടാരം മോടി പിടിപ്പിക്കുന്നതിനാവശ്യമായ ഇന്ദ്രനീലക്കല്ലുകൾക്ക് വേണ്ടി ഒരു ദൂതനെ അദ്ദേഹം അരാറ്റയിലേക്കു അയക്കുന്നു.ദൂതൻ കൈവശം ഒരു എഴുതിയ ഫലകം അദ്ദേഹം കൊടുത്തുവിടുന്നു.ഇതിൽ നിന്നു മനസ്സിലാകുന്നത് വ്യാപാരവും എഴുത്തുവിദ്യയും നഗരജീവിതവും തമ്മിൽ ബന്ധമുണ്ടായിരുന്നു എന്നാണ്.
- എഴുത്തുരീതി: ഒരു ക്യൂണിഫോം ചിഹ്നം പ്രതിനിധാനം ചെയ്യുന്ന ശബ്ദം ഏകവ്യഞ്ജനമോ സ്വരമോ അല്ല; മറിച്ച് അവ അക്ഷരക്കൂട്ടങ്ങളാണ്. ഉദാഹരണത്തിന് put ,in മുതലായവ.ഒരു എഴുത്തുകാരൻ നൂറുകണക്കിന് ചിഹ്നങ്ങൾ പഠിക്കണമായിരുന്നു.ഒരു നനഞ്ഞ ഫലകം കൈകാര്യം ചെയ്യാനും അത് ഉണങ്ങുന്നതിനു മുൻപ് അതിലെഴുതാനും അറിയണമായിരുന്നു.
- സാക്ഷരത : രാജാവിനും വളരെ കുറഞ്ഞ ആളുകൾക്കും മാത്രമേ എഴുതാനും വായിക്കാനും അറിയുമായിരുന്നുള്ളൂ. നൂറുകണക്കിന് ചിഹ്നങ്ങൾ പഠിക്കുക എളുപ്പമായിരുന്നില്ല.മാത്രമല്ല ഈ ചിഹ്നങ്ങൾ സങ്കീർണവുമായിരുന്നു.

**5. കാലഗണന, ഗണിത ശാസ്ത്രം എന്നീ മേഖലകളിൽ മൊസൊപ്പൊട്ടേമിയൻ ജനതയുടെ സംഭാവനകൾ വ്യക്തമാക്കുക.**

- മെസൊപ്പൊട്ടേമിയൻ ജനത എഴുത്തുവിദ്യയ്ക്കും ശാസ്ത്രത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട് . ഗണിത ശാസ്ത്രം , കലണ്ടർ നിർമ്മാണം ( സമയം

കണക്കുകൂട്ടൽ ) എന്നിവയിലാണ് മെസൊപ്പാട്ടേമിയക്കാർ മികച്ച സംഭാവനകൾ നൽകിയത്.ഗണിത ശാസ്ത്രത്തിൽ ഗുണനം, ഹരണം , വർഗ്ഗം , വർഗ്ഗമൂലം , കൂട്ടു, പലിശ എന്നിവ അവർ കണ്ടുപിടിച്ചു.ഭൂമിക്കു ചുറ്റുമുള്ള ചന്ദ്രന്റെ ഭ്രമണമനുരിച്ച് ഒരു വർഷത്തെ12 മാസങ്ങളായും , ഒരു മാസത്തെ 4 ആഴ്ചകളായും , ഒരു ദിവസത്തെ 24 മണിക്കൂറുകളായും , ഒരു മണിക്കൂറിനെ 60 നിമിഷങ്ങളായും തിരിക്കുന്ന രീതി മെസൊപ്പാട്ടേമിയക്കാരാണ് കണ്ടുപിടിച്ചത്.ചന്ദ്രന്റെ പ്രയാണത്തെ അടിസ്ഥാനമാക്കിയുള്ള ചാന്ദ്രകലണ്ടർ ആണ് അവർ ഉപയോഗിച്ചത്. സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും ഉണ്ടാകുന്നത് അവർ വർഷം, മാസം, ദിവസം എന്നിവയനുസരിച്ച് രേഖപ്പെടുത്തിവച്ചു.

**6.ദക്ഷിണ മെസോപ്പോട്ടേമിയയിലെ മൂന്ന് തരത്തിലുള്ള നഗരങ്ങൾ ഏതെല്ലാം ?**

മെസോപ്പൊട്ടേമിയയിൽ 3 തരത്തിലുള്ള നഗരങ്ങൾ ഉണ്ടായിരുന്നു.

- 1. ക്ഷേത്രങ്ങൾക്ക് ചുറ്റും ഉയർന്നു വന്ന നഗരങ്ങൾ
- 2. വ്യാപാര കേന്ദ്രങ്ങളായി വളർന്നു വന്ന നഗരങ്ങൾ
- 3. രാജകീയ നഗരങ്ങൾ (സാമ്രാജ്യത്വ നഗരങ്ങൾ)

**7. മെസൊപൊട്ടേമിയൻ ക്ഷേത്രങ്ങളുടെ പ്രത്യേകതകൾ വിവരിക്കുക.**

- മെസൊപ്പാട്ടേമിയക്കാരുടെ ആദ്യകാല ക്ഷേത്രം മണ്ണ് ഇഷ്ടികയിൽ പണിത ചെറിയ ഒരു ദേവാലയമാണ്.ക്ഷേത്രങ്ങൾ ദൈവങ്ങളുടെ ആവാസകേന്ദ്രങ്ങളായിരുന്നു. ഉർ നഗരത്തിലെ ദേവൻ ചന്ദ്രദേവൻ ആയിരുന്നു. യുദ്ധത്തിന്റെയും പ്രണയത്തിന്റെയും ദേവത ഇനന്ന ആയിരുന്നു.ഇവർക്കെല്ലാം വേണ്ടി ക്ഷേത്രങ്ങൾ പണികഴിപ്പിച്ചിരുന്നു. ക്രമേണ ക്ഷേത്രങ്ങൾ വലുതാക്കപ്പെട്ടു. തുറസ്സായ നടുമുറ്റങ്ങൾക്കു ചുറ്റും അനേകം മുറികൾ പണികഴിപ്പിച്ചു. ക്ഷേത്രങ്ങൾക്ക് അകത്തേക്കും പുറത്തേക്കും പോകുന്നതിന് കവാടങ്ങളോട് കൂടിയ ചുറ്റുമതിൽ ഉണ്ടായിരുന്നു. ധാന്യം, തൈര്, മത്സ്യം തുടങ്ങിയവ ജനങ്ങൾ ദൈവത്തിനു സമർപ്പിച്ചു.

**8.മൊസൊപ്പൊട്ടേമിയൻ ക്ഷേത്രങ്ങൾ സംഘടിപ്പിച്ചിരുന്ന സാമ്പത്തിക പ്രവർത്തനങ്ങൾ എഴുതുക.**

- ക്ഷേത്രങ്ങൾ കേവലം ആരാധനാലയങ്ങൾ മാത്രം ആയിരുന്നില്ല മറിച്ച് ധാരാളം

സാമ്പത്തിക പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങൾ കൂടിയായിരുന്നു. കൃഷി സ്ഥല ങ്ങൾ , മീൻ വളർത്തൽ കേന്ദ്രങ്ങൾ, കാലിപ്പറ്റങ്ങൾ എന്നിവയുടെ ഉടമ ദൈവ മായിരുന്നു.എണ്ണയാട്ടൽ, ധാന്യം പൊടിക്കൽ , നെയ്ത്ത് തുടങ്ങിയ പ്രവർത്തി കൾ ക്ഷേത്രങ്ങളിൽ വച്ചാണ് നടന്നിരുന്നത്.

**9. മൊസൊപ്പൊട്ടേമിയൻ നഗര ജീവിതത്തെക്കുറിച്ച് വിലയിരുത്തുക.**

- മെസൊപ്പൊട്ടേമിയൻ സമൂഹത്തിൽ അണുകുടുംബങ്ങളാണ് നിലനിന്നിരുന്നത്. പിതാവായിരുന്നു കുടുംബത്തലവൻ. ഇവിടുത്തെ വിവാഹരീതികളെക്കുറിച്ച് പരിമിതമായ അറിവുകളെ ലഭിച്ചിട്ടുള്ളൂ. വധുവിന്റെ മാതാപിതാക്കൾ സമ്മതമറിയിച്ചു കൊണ്ട് ഒരു പ്രഖ്യാപനം പുറത്തിറക്കും. വിവാഹസമയത്തു ഇരുകൂട്ടരും സമ്മാനങ്ങൾ കൈമാറുകയും ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ചെയ്യും. പിതാവിന്റെ സമ്പത്തിന്റെ ഓഹരി മകൾക്കു നൽകും. പിതാവിന്റെ വീട്, കാലിപ്പറ്റങ്ങൾ, വയലുകൾ എന്നിവ പുത്രന്മാർക്കാണ് ലഭിക്കുക.

- ഉർ നഗരത്തിലെ വീടുകൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ റോഡുകൾ ഇടുങ്ങിയതും വളഞ്ഞതുമായിരുന്നു.അതിനാൽ മിക്ക വീടുകളിലും ഭാരവണ്ടി കൾക്ക് എത്താൻ കഴിഞ്ഞിരുന്നില്ല. വീട്ടിലേക്ക് ആവശ്യമായ ധാന്യങ്ങളും വിറകും കഴുതപ്പുറത്താണ് കൊണ്ട് വന്നിരുന്നത്.വീടുകൾക്ക് കൃത്യമായ ആകൃതി ഉണ്ടായിരുന്നില്ല.തെരുവ് ഓടകൾ മെസൊപ്പാട്ടേമിയയിൽ കാണാൻ കഴിഞ്ഞിരുന്നില്ല.അവിടെ നഗരാസൂത്രണം ഉണ്ടായിരുന്നില്ല എന്ന് ഇത് സൂചിപ്പി ക്കുന്നു.ഓടകളും മൺപൈപ്പുകളും വീടുകളുടെ ഉൾഭാഗത്തുള്ള നടുമുറ്റത്താണ് കാണപ്പെടുന്നത്. വീടിന്റെ മേൽക്കൂരകൾ ഉൾഭാഗത്തേക്കു ചെരിഞ്ഞതാ യിരുന്നു.ഇതിലൂടെ മഴവെള്ളം നടുമുറ്റത്തുള്ള ഓവുചാൽ കുഴലിലൂടെ ഒഴുകി ഇറങ്ങിയിരുന്നു. തെരുവുവീഥികൾ ഇഷ്ടിക പതിക്കാത്തതായിരുന്നു. ചപ്പു ചവറുകൾ തെരുവുവീഥികളിലേക്കു വലിച്ചെറിഞ്ഞിരുന്നു. ഇതിന്റെ ഫലമായി തെരുവിൽനിന്നു മഴവെള്ളവും ചെളിയും വീടുകളിലേക്ക് കയറിയിരുന്നു.ഇതു തടയുന്നതിനുവേണ്ടി വീടുകളുടെ ഉമ്മറപ്പടികളുടെ ഉയരം കൂട്ടിയിരുന്നു. വീടിന കത്തേക്ക് വെളിച്ചം പ്രവേശിച്ചിരുന്നത് ജനാലകളിലൂടെ ആയിരുന്നില്ല, മറിച്ച് നടുമുറ്റത്തേക്കു തുറക്കുന്ന വാതിലുകളിലൂടെയായിരുന്നു. ഇത് വീടുകൾക്ക് സ്വകാര്യത നൽകി.

- വീടുകളെക്കുറിച്ച് പല അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നു. ഉയർന്ന ഉമ്മറപ്പടി സമ്പത്ത് കൊണ്ടുവരും.മറ്റൊരു വീടിനു നേരേ തുറക്കാൻ പറ്റാത്ത മുൻവാതി

ലുള്ള വീടുകൾ ഭാഗ്യമുള്ളവയാണ്.വീടിന്റെ പ്രധാന വാതിൽ പുറത്തേക്കാണ് തുറക്കുന്നതെങ്കിൽ ഭാര്യ ഭർത്താവിന് ശല്യമാകും.

- ഉർ നഗരത്തിൽ ഒരു ശ്മശാനം ഉണ്ടായിരുന്നു.അതിൽ രാജകുടുംബത്തിന്റെയും സാധാരണക്കാരുടെയും ശവക്കല്ലറകൾ കാണാം.വീടുകളുടെ തറയ്ക്കുള്ളിലും ശവശരീരങ്ങൾ അടക്കം ചെയ്തിരുന്നു.

**10.മെസൊപ്പാട്ടേമിയയിലെ മാരി നഗരത്തിന്റെ മുഖ്യ സവിശേഷതകൾ വിലയിരുത്തുക.**

- മെസൊപ്പാട്ടേമിയയുടെ രാജകീയ തലസ്ഥാനമാണ് മാരി. യൂഫ്രട്ടീസ് നദിയുടെ ഉപരിഭാഗത്താണ് മാരി സ്ഥിതി ചെയ്യുന്നത്.കൃഷിയും മൃഗപരിപാലനവുമാ യിരുന്നു ജനങ്ങളുടെ മുഖ്യ തൊഴിൽ.ഇവിടെ കർഷകരും ഇടയന്മാരും താമ സിച്ചിരുന്നു.അവർ തമ്മിൽ സാധനങ്ങൾ കൈമാറ്റം ചെയ്തിരുന്നു. ധാന്യം, പണിയായുധങ്ങൾ എന്നിവയ്ക്ക് പകരമായി ഇടയന്മാർ മൃഗങ്ങൾ, വെണ്ണ, തുകൽ, മാംസം, വളം എന്നിവ കർഷകരുമായി കൈമാറി.ഇടയന്മാരും കർഷകരും തമ്മിൽ സംഘർഷങ്ങൾ നിലനിന്നിരുന്നു.വയലുകളിലൂടെ വിള നശിപ്പിച്ചു കൊണ്ട് ആട്ടിൻ പറ്റങ്ങളുമായി ആട്ടിടയൻമാർ കടന്നുപോകുമ്പാൾ സംഘർഷങ്ങൾ ഉണ്ടാകാറുണ്ട്.നാടോടികളായ ഇടയന്മാർ കാർഷിക ഗ്രാമങ്ങൾ ആക്രമിക്കുകയും സംഭരിച്ചു വെച്ച സാധനങ്ങൾ പിടിച്ചെടുക്കുകയും ചെയ്യാ റുണ്ട്.മാരിയിലെ രാജാക്കൻമാർ അമാറൈറ്റുകൾ ആയിരുന്നു. പുൽമേടിന്റെ ദേവനായ ദോഗനു ( ഡോഗൻ ) വേണ്ടി അവർ മാരിയിൽ ഒരു ക്ഷേത്രം പണി കഴിപ്പിച്ചു.

- മാരി വ്യാപാരത്തിന്റെ ഒരു കേന്ദ്രം കൂടിയിരുന്നു.യൂഫ്രട്ടീസ് നദിയിലൂടെ കൊണ്ടു വരുന്ന മരത്തടി, ചെമ്പ് , വെളുത്തീയം, എണ്ണ,വീഞ്ഞ് തുടങ്ങിയ സാധനങ്ങൾ ഇവിടെ കച്ചവടം ചെയ്തിരുന്നു. സാധനങ്ങൾ വഹിച്ചുള്ള ബോട്ടുകൾ തെക്കൻ നഗരങ്ങളിലേക്കുള്ള മാർഗമധ്യേ മാരിയിൽ നിർത്തിയിടുമായിരുന്നു. മാരിയിലെ ഉദ്യോഗസ്ഥർ ചരക്കുകൾ പരിശോധിക്കുകയും ചരക്കുകളുടെ മൂല്യത്തിന്റെ പത്തിലൊന്ന് നികുതിയായി ഈടാക്കുകയും ചെയ്തിരുന്നു. സൈനീകമായി ശക്തമല്ലാതിരുന്നിട്ടും അസാധാരണമാം വിധം അഭിവൃദ്ധിയുള്ള രാജ്യമായിരുന്നു മാരി .

*********************************************